(സി) സമിതി ഏറ്റെടുക്കുന്ന വികസന പരിപാടികൾക്ക് അന്തിമരൂപം നൽകി വരുന്നതേയുള്ളു.

ഒളവണ്ണ മാമ്പുഴക്കാട് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട്

41 [124] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ പഞ്ചായത്തിലെ മാമ്പുഴക്കാട് കോളനിയിൽ ജനകീയാസൂത്രണത്തിന്റെയും കേരള വികസന പദ്ധതിയുടെയും പ്രയോജനം കോളനിവാസികൾക്ക് ലഭിക്കാതിരുന്നതു സംബന്ധിച്ച് ശ്രീ. ഭരത്ഭൂഷൻ ഐ.എ.എസ്.-ന്റെ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കാനെടുത്ത കാലയളവും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ച തീയതിയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകളിലെ ഏതെല്ലാം കോളനികളിൽ ഇപ്രകാരം അന്വേഷണം നടത്തിയിട്ടുണ്ട്; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും ഒളവണ്ണയിൽ മാത്രം ഇപ്രകാരം ഒരന്വേഷണം നടത്താനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലതാമസമില്ലാതെതന്നെ റിപ്പോർട്ട് തയ്യാറാക്കുകയും 1-11-2004-ന് റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും ചെയ്തു.

(സി) പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഇപ്രകാരം ഒരന്വേഷണം മറ്റെങ്ങും നടത്തിയിട്ടില്ല. മുഖ്യമന്ത്രി സ്ഥലം നേരിട്ട് സന്ദർശിച്ചപ്പോൾ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് അന്വേഷണത്തിന് ഉത്തരവിട്ടത്.

പഞ്ചായത്തുകൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്

42 [127] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1995-1996 മുതലുള്ള പത്തു സാമ്പത്തികവർഷങ്ങളിൽ ഓരോന്നിലും ബഡ്ജറ്റിൽ വകയിരുത്തിയ

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
125-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാന്റ്-ഇൻ-എയ്ഡ് വിഹിതവും ഓരോ സാമ്പത്തിക വർഷവും നൽകിയ യഥാർത്ഥ തുകയും എത്ര വീതമാണെന്നത് ജനറൽ, എസ്.സി.പി., റ്റി.എസ്.പി., ധനകാര്യ കമ്മീഷൻ അവാർഡ് എന്നിങ്ങനെ ഇനംതിരിച്ചും ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ തിരിച്ചും ഉള്ള കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1997-1998 മുതൽ 2005-2006 വരെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ പ്ലാൻ ഗ്രാന്റ്-ഇൻ-എയ്ഡ് വിഹിതവും ഓരോ സാമ്പത്തിക വർഷവും നൽകിയ യഥാർത്ഥ തുകയും അനുബന്ധമായി കൊടുത്തിരിക്കുന്നു.†

ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ്

43 [128] *ശ്രീ. സി. എം. ജോക്കബ്:*

„ *ആർ. ബാലകൃഷ്ണപിള്ള:*

„ *കെ. ബി. ഗണേഷ് കുമാർ:*

„ *ജോണി നെല്ലൂർ:*

„ *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഏത് മാസം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) തിരഞ്ഞെടുപ്പിനായി പുറത്തിറക്കിയ വോട്ടർ പട്ടികയിൽ എത്ര ലക്ഷം വോട്ടർമാരാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ത്രിതല പഞ്ചായത്ത് വാർഡ് ഡീലിമിറ്റേഷൻ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കും;

(ഡി) ഈ വർഷം നടക്കുന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിൽ ഏതെല്ലാം ജില്ലാപഞ്ചായത്തുകളിലേയും കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലേയും തിരഞ്ഞെടുപ്പുകൾ മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly